**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക കടാശ്വാസ കമ്മീഷൻ എത്ര കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; കമ്മീഷൻ ഉത്തരവുകൾ നൽകിയവർക്ക് സർക്കാരിന്റെ വിഹിതം നൽകാൻ ബാക്കിയുണ്ടോ; എങ്കിൽ എത്ര കർഷകർക്കുള്ള വിഹിതമാണ് നൽകാനുള്ളത്; വിശദമാക്കാമോ; | (എ) | **കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിക്കുന്ന അവാർഡുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കടാശ്വാസ തുക വിതരണം ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ 4281 കർഷകർക്ക് 18,90,00,000/- രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ ഇതിനോടകം 4353 കർഷകർക്ക് 34,90,03,549/- രൂപയും കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ട്. 3357 അപേക്ഷകൾ സർക്കാർ പരിശോധിച്ചു വരുന്നു. 12853 അപേക്ഷകളിന്മേൽ വെരിഫിക്കേഷൻ നടപടികൾ പുരോഗമിക്കുകയാണ്.**<br><br>കർഷക വിഹിതം ബാങ്കിൽ അടച്ച കഴിഞ്ഞാൽ സർക്കാർ വിഹിതം ലഭിക്കുന്നതിന് കാത്തു നിൽക്കാതെ കർഷകരുടെ പണയാധാരം തിരികെ നൽകണമെന്ന് സർക്കാർ ഉത്തരവ് പ്രകാരവും, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരവും സഹകരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സർക്കാരിന്റെ വിഹിതം ബാങ്കുകൾക്ക് നൽകാത്തതിനാൽ കർഷകർ പണയപ്പെടുത്തിയ ആധാരം കർഷകർക്ക് തിരിച്ചുകിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതതെന്ന് വ്യക്തമാക്കാമോ; | (ബി) | **കർഷക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിക്കുന്ന അവാർഡുകളിന്മേൽ സഹകരണ സംഘം രജിസ്ട്രാർ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ കടാശ്വാസ തുക വിതരണം ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷത്തിൽ 4281 കർഷകർക്ക് 18,90,00,000/- രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ ഇതിനോടകം 4353** |

| | | | |
|---|---|---|---|
| | | | **കർഷകർക്ക് 34,90,03,549/- രൂപയും കടാശ്വാസമായി വിതരണം ചെയ്തിട്ടുണ്ട്. 3357 അപേക്ഷകൾ സർക്കാർ പരിശോധിച്ചു വരുന്നു. 12853 അപേക്ഷകളിന്മേൽ വെരിഫിക്കേഷൻ നടപടികൾ പുരോഗമിക്കുകയാണ്.**<br><br>കർഷക വിഹിതം ബാങ്കിൽ അടച്ചു കഴിഞ്ഞാൽ സർക്കാർ വിഹിതം ലഭിക്കുന്നതിന് കാത്തു നിൽക്കാതെ കർഷകരുടെ പണയാധാരം തിരികെ നൽകണമെന്ന് സർക്കാർ ഉത്തരവ് പ്രകാരവും, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരവും സഹകരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രകൃതിദുരന്തം മൂലമോ മറ്റു കാരണങ്ങളാലോ ഏതെങ്കിലും പ്രദേശത്തെ കർഷകർക്ക് പ്രശ്നങ്ങളുണ്ടെങ്കിൽ അപേക്ഷകൾ ലഭിക്കുന്നതിന് മുമ്പുതന്നെ കടാശ്വാസകമ്മീഷന് അടിയന്തര ഇടപെടൽ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ